www.malankaralibrary.com

# മിഷണറിമാരും കേരള നവോത്ഥാനവും



## മലയാളഭാഷയ്ക്ക് മിഷണറിമാരുടെ അതുല്യ സംഭാവനകൾ-02

ഡോ. വള്ളിക്കാവ് മോഹൻദാസ്

ഇത്തരത്തിൽ കേരളത്തിലെത്തി വലിയ സംഭാവനകൾ കൈരളിക്കു നൽകിയ മിഷണറിമാരിൽ ആരും അക്കാര്യങ്ങളൊന്നും ചെയ്തത് പരപ്രേരണയാലോ മറ്റെന്തെങ്കിലും ലക്ഷ്യങ്ങളുടെ മറവിലോ ആയിരുന്നില്ല. എന്തിനുവേണ്ടി അവർ വന്നുവോ, അതിനപ്പുറമുള്ള മഹത്തരമായ പ്രവർത്തനങ്ങളിൽ അവർ മുഴുകുകയാണുണ്ടായത്. ആ കാലഘട്ടത്തോടും അവർ ജീവിച്ച ദേശത്തോടും ജനങ്ങളോടുമുള്ള പ്രതിബദ്ധതയായിരുന്നു എല്ലാത്തിനും പിന്നിൽ. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അരങ്ങുവാണിരുന്ന ആ കാലഘട്ടത്തിൽ ഉദാത്തമായ ഒരു സംസ്കാരമോ പര്യാപ്തമായ ഒരു ഭാഷപോലുമോ ഇല്ലാതിരുന്ന ആ ജനതയെ സമുദ്ധരിക്കാൻ അവർ തീരുമാനിച്ചു എന്നതാണു വാസ്തവം. എല്ലാം കണ്ടിട്ടും കണ്ടില്ല എന്നു ഭാവിച്ച് അവർക്ക് കടന്നുപോകാമായിരുന്നെങ്കിലും അവർ അതു ചെയ്തില്ല. വലിയ പ്രതിബന്ധങ്ങൾ നേരിട്ടുകൊണ്ടുകൂടിയാണ് അവർ ഇക്കാര്യങ്ങളെല്ലാം ഈ നാടിനുവേണ്ടി ചെയ്തത്.

1846ലും 1848ലുമായി ബഞ്ചമിൻ ബെയ്‌ലി രണ്ടു നിഘണ്ടുക്കളും (മലയാളം-ഇംഗ്ലീഷ്, ഇംഗ്ലീഷ്-മലയാളം) എഴുതിയുണ്ടാക്കി. ശബ്ദകോശം ഉണ്ടാക്കിയപ്പോൾ ആദ്യം അദ്ദേഹം മുന്നിൽ എടുത്തുവച്ച ഗ്രന്ഥം അമരസിംഹൻ നാലാം നൂറ്റാണ്ടിൽ രചിച്ച സംസ്കൃത ശബ്ദകോശമായ അമരകോശമാണ്. അമരകോശത്തിലെ മുഴുവൻ പദങ്ങളും അദ്ദേഹം മലയാളത്തിലേക്ക് ഉപയോഗപ്പെടുത്തുകയുണ്ടായി. കൂടാതെ, നാട്ടിൻപുറങ്ങളിൽ സാധാരണക്കാർക്കിടയിലൂടെ സഞ്ചരിച്ച് കിട്ടാവുന്ന വാക്കുകൾ മുഴുവൻ കണ്ടെത്തി സഹായികളെ ഉപയോഗിച്ച് അർഥം കണ്ടെത്തി അവയെല്ലാം തന്റെ നിഘണ്ടുവിൽ ഉൾപ്പെടുത്തി. ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്നവർ എഴുതുകയും സംസാരിക്കുകയും ചെയ്യുന്നത് ലോകചരിത്രമായാലും മറ്റെന്തു വിഷയമായാലും ക്രൈസ്തവർക്കെതിരായ ആശയപ്രചാരണങ്ങൾ തന്നെയായാലും ഉപയോഗിക്കുന്ന വാക്കുകളിൽ വലിയൊരു പങ്കും അദ്ദേഹത്തിന്റെ നിഘണ്ടുവിൽനിന്നുള്ളതാണ്. ക്രൈസ്തവ മിഷണറിമാരുടെ അതുല്യസംഭാവനയായ ഭാഷ ക്രൈസ്തവർക്കെതിരായ ആശയപ്രചാരണങ്ങളിലും മാറ്റിനിർത്താനാകില്ല എന്നുള്ളത് ക്രൂരമായ ഒരു തമാശകൂടിയാണ്. കൂടുതൽ ആധുനികമായ ഒരു നിഘണ്ടു എഴുതിയുണ്ടാക്കുന്നത് 1872ൽ ഹെർമൻ ഗുണ്ടർട്ടാണ്. സാധാരണക്കാരന് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിലാണ് അദ്ദേഹം അതു ചെയ്തത്.

### വ്യാകരണം

ആദ്യമായി ഒരു മലയാള വ്യാകരണം രചിച്ചത് 1712ൽ വിദേശ കത്തോലിക്കാ വൈദികനായിരുന്ന ഫാ. ആഞ്ചലൂസ് ഫ്രാൻസിസ് ആയിരുന്നു. ഇപ്പോൾ നാം സംസാരിക്കുന്ന കർത്തരി, കർമണി, വിഭക്തി പ്രത്യയങ്ങൾ മുതലായ എല്ലാ വ്യാകരണ ഘടകങ്ങളുടെയും ഉത്ഭവം അവിടെനിന്നാണ്. ഭാഷാപ്രയോഗത്തിന്റെ കൃത്യതയും വ്യക്തതയും വ്യാകരണത്തെ ആശ്രയിച്ചാണു നിലകൊള്ളുന്നത്. 1732 വരെ കേരളത്തിലുണ്ടായിരുന്ന അർണോസ് പാതിരിയാണ് ഗ്രന്ഥ ഭാഷയ്ക്ക് വ്യാകരണം രൂപപ്പെടുത്തിയത്. പക്ഷേ, പിൽക്കാലത്തു ജനിച്ച എ.ആർ. രാജരാജവർമയാണ് കേരളപാണിനി എന്നു വിശേഷിപ്പിക്കപ്പെടുന്നത്. 1851ൽ ഡോ. ഹെർമൻ ഗുണ്ടർട്ട് രചിച്ച മലയാള ഭാഷാ വ്യാകരണം ഭാഷാചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലാണ്. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്നതിനു മുന്നോടിയായി തയാറാക്കിയ റിപ്പോർട്ടിൽ മലയാളഭാഷ ദ്രാവിഡ ഭാഷയാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. മലയാള ഭാഷയെ ദ്രാവിഡ ഭാഷ എന്ന് ആദ്യമായി വിശേഷിപ്പിച്ചത് ഹെർമൻ ഗുണ്ടർട്ടായിരുന്നു. അക്കാര്യം റിപ്പോർട്ടിൽ എടുത്തുപറഞ്ഞിട്ടുണ്ട്.

### പത്രങ്ങൾ

മലയാളത്തിലെ ആദ്യഗ്രന്ഥം ഏതാണെന്ന ചോദ്യത്തിന് ഉത്തരം എല്ലാവർക്കും അറിയാവുന്നതുപോലെ, അത് 1772ൽ ക്ലമന്റ് പിയാനിയൂസ് രചിച്ച സംക്ഷേപ വേദാർഥം ആണ്. ഒന്നാം ഘട്ടത്തിൽ കത്തോലിക്കാ വൈദികരും രണ്ടാം ഘട്ടത്തിൽ പ്രൊട്ടസ്റ്റന്റ് മിഷണറിമാരുമാണ് മലയാള ഗദ്യത്തെ വളർത്തിയത്. ആ കാലഘട്ടത്തിൽ സാഹിത്യത്തിൽ എവിടെയും ഗദ്യം ഉണ്ടായിരുന്നില്ല. 1785ലാണ് വർത്തമാനപുസ്തകം പ്രസിദ്ധീകരിക്കപ്പെടുന്നത്. മലയാളത്തിലെ ആദ്യ യാത്രാവിവരണംകൂടിയാണ് അത്. പിന്നീട് രാജ്യസമാചാരം, പശ്ചിമോദയം എന്നീ പത്രങ്ങളിലൂടെയാണ് മലയാളഭാഷ വളരുന്നത്. പത്രപ്രവർത്തനത്തെക്കുറിച്ച് ഒരു സങ്കല്പം പോലും ഇല്ലാതിരുന്ന കാലത്തെ ആ പത്രങ്ങളുടെ കടന്നുവരവ് വിപ്ലവകരമായിരുന്നു. രാജ്യസമാചാരം പത്രത്തിലാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ പ്രസിദ്ധീകരിക്കപ്പെടുന്നത്. ഇപ്പോൾ പൊതുസമൂഹം മനസിലാക്കിയിരിക്കുന്നതുപോലെ 1891ൽ പ്രസിദ്ധീകരിച്ച 'വാസനാ വികൃതി' അല്ല മലയാളത്തിലെ ആദ്യത്തെ ചെറുകഥ. മലയാള ഭാഷയിൽ ആദ്യമായി ഒരു സ്ത്രീയെക്കുറിച്ചുള്ള ലേഖനം പ്രസിദ്ധീകരിക്കുന്നതും രാജ്യസമാചാരത്തിലാണ്. 'ഗന്ധത്തിരിക്കാരത്തി' എന്നായിരുന്നു അതിന്റെ തലക്കെട്ട്. ആഫ്രിക്ക പോലുള്ള മറ്റു രാജ്യങ്ങളെക്കുറിച്ച് ആദ്യമായി എഴുതപ്പെടുന്നതും അതേ പ്രസിദ്ധീകരണത്തിലാണ്. അത്തരത്തിലുള്ള ഒട്ടേറെ സവിശേഷതകൾ രാജ്യസമാചാരത്തിന് ഉണ്ടായിരുന്നു.



The Nazrani Deepika

ഇൻഡ്യയിലെ ഏക കത്തോലിക്ക പ്രതിദിനപത്രം.

THE ONLY CATHOLIC DAILY NEWSPAPER IN INDIA.

പിൽക്കാലത്ത് 1848 മുതൽ പുറത്തിറങ്ങിയ ജ്ഞാനനിക്ഷേപം എന്ന പത്രത്തിലൂടെ പ്രസിദ്ധീകരിക്കപ്പെട്ട 'പുല്ലേലി കുഞ്ചു' എന്ന കൃതിയാണ് മലയാളത്തിലെ ആദ്യത്തെ നോവൽ സാഹിത്യം എന്നുള്ളത് മറ്റൊരു ചരിത്രസത്യമാണ്. മുമ്പ് മുതൽ നാം പഠിച്ചു വന്നിരുന്നതുപോലെ അത് അപ്പു നെടുങ്ങാടിയുടെ കുന്ദലത അല്ല. സാമൂഹിക സമുദ്ധാരണം ലക്ഷ്യം വച്ച് രചിക്കപ്പെട്ട പുല്ലേലി കുഞ്ചു എന്ന നോവൽ പ്രസിദ്ധീകരിക്കുക വലിയ വെല്ലുവിളിയായിരുന്നെങ്കിലും ധൈര്യപൂർവം മിഷണറിമാർ അതിനു തയാറായത് അവരുടെ സാമൂഹിക പ്രതിബദ്ധതയുടെ അടയാളം കൂടിയാണ്.

'വിദ്യാസംഗ്രഹം' എന്നപേരിൽ ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യത്തെ കോളജ് മാഗസിനും കോട്ടയം സിഎംഎസ് കോളജിൽനിന്ന് അക്കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ടു. ഇക്കാലത്തേതുപോലെ കോളജ് വിദ്യാർഥികൾക്കുവേണ്ടി പുറത്തിറക്കിയ ഒരു മാഗസിൻ ആയിരുന്നില്ല അത്. മറിച്ച്, കോളജിൽനിന്ന് പൊതുസമൂഹത്തിനുവേണ്ടിയുള്ള പ്രസിദ്ധീകരണമായിരുന്നു വിദ്യാസംഗ്രഹം. ഇക്കാലഘട്ടത്തിൽ നമുക്ക് ചിന്തിക്കാൻ കഴിയുന്നതിനപ്പുറമാണ് നൂറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിലെത്തിയ മിഷണറിമാരുടെ വീക്ഷണങ്ങൾ. ഇക്കാര്യങ്ങൾ മനസിലാക്കിയാൽ നമുക്ക് അവരോട് അങ്ങേയറ്റം ബഹുമാനമാണ് അനുഭവപ്പെടുക.

പഴയ മലയാള അക്ഷരങ്ങളെക്കുറിച്ചുള്ള അറിവ് പിൽക്കാല ജനതയ്ക്കു ലഭിച്ചതുപോലും ഹെർമൻ ഗുണ്ടർട്ടിന്റെ രണ്ടാമത്തെ പ്രസിദ്ധീകരണമായ പശ്ചിമോദയത്തിൽനിന്നുമാണ്. ശാസ്ത്രം മലയാളികൾ ആദ്യമായി വായിക്കുന്നത് പശ്ചിമോദയത്തിലൂടെയാണ്. ചിത്രങ്ങൾ സഹിതം സൗരയൂഥത്തെക്കുറിച്ച് വിവരിക്കുന്ന ശാസ്ത്രലേഖനങ്ങൾ പതിവായി പശ്ചിമോദയത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. മികച്ച ഭാഷയാണ് പശ്ചിമോദയത്തിനുണ്ടായിരുന്നത്. രാജ്യസമാചാരത്തിന് ക്രൈസ്തവ സംബന്ധിയായ ഉള്ളടക്കമാണ് ഉണ്ടായിരുന്നതെങ്കിൽ, ജനങ്ങളെ വിദ്യാഭ്യാസമുള്ളവരാക്കുക എന്ന ലക്ഷ്യമാണ് പശ്ചിമോദയത്തിന് ഉണ്ടായിരുന്നത്. ഡോ. ഹെർമൻ ഗുണ്ടർട്ട് പ്രത്യക്ഷത്തിൽ പലപ്പോഴും രംഗത്തുണ്ടായിരുന്നില്ല എന്നുള്ളതാണ് മറ്റൊരു കൗതുകം. പിന്നിൽനിന്ന്, യാതൊരു പ്രതിഫലമോ അംഗീകാരമോ കാംക്ഷിക്കാതെ പ്രവർത്തിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ശൈലി.

നിധീരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ 1887ൽ മാന്നാനത്തുനിന്ന് പ്രസിദ്ധീകരിക്കപ്പെട്ടുതുടങ്ങിയ 'നസ്രാണി ദീപിക'യുടെ ചരിത്രവും ഇത്തരത്തിലാണ്. നസ്രാണി ദീപിക ആദ്യമായി അച്ചടിച്ചത് ചാവറയച്ചൻ മരംകൊണ്ടുണ്ടാക്കിയ പ്രസിലായിരുന്നു. ഭരണഭാഷ മലയാളമാക്കണമെന്ന ആവശ്യം നമുക്കിടയിൽ ഉയർന്നു വന്നിട്ട് ഏറെക്കാലമായിട്ടില്ല. എന്നാൽ, രാജ്യത്തിന് സ്വാതന്ത്ര്യം ലഭിക്കുന്നതിന് അര നൂറ്റാണ്ടുമുമ്പ് ആദ്യമായി ഈ ആവശ്യം ഉന്നയിച്ചത് നസ്രാണി ദീപികയാണ്. എത്രമാത്രം ക്രാന്തദർശികളായിരുന്നു അക്കാലത്ത് നസ്രാണി ദീപികയ്ക്ക് നേതൃത്വം നൽകിയിരുന്നത് എന്നോർത്താൽ നമുക്ക് അത്ഭുതം അടക്കാനാകില്ല. 1932 മുതൽ 'ദീപിക' എന്നപേരിൽ തുടർന്ന ആ പത്രമാണ് ഇന്ന് മലയാളത്തിൽ ഉള്ളതിൽ പഴക്കമേറിയ ദിനപത്രം. ഇന്ത്യയിലെ ഏറ്റവും പഴയ ദിനപത്രമായ 'ദിഗ്ദർശൻ' മുതൽ ഒട്ടേറെ ഭാഷകളിൽ പുറത്തിറങ്ങിയ മറ്റു ദിനപത്രങ്ങൾവരെ എല്ലാത്തിനും പിന്നിൽ ക്രൈസ്തവ മിഷണറിമാരാണെന്ന് അഭിമാനപൂർവം പറയാൻ കഴിയും.

### സാംസ്കാരിക പരിഷ്കരണം

സാഹിത്യത്തിന്റെയും പത്രപ്രവർത്തനത്തിന്റെയും കാര്യത്തിൽ മാത്രമല്ല വിദ്യാഭ്യാസ രംഗത്തും നിർണായകമായ മാറ്റങ്ങൾക്ക് വഴിയൊരുക്കിയതും ക്രിസ്ത്യൻ മിഷണറിമാരാണ്. സാധാരണക്കാർക്ക് അറിവ് പ്രാപ്യമല്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് സമഗ്രമായ വിദ്യാഭ്യാസ മുന്നേറ്റം ലക്ഷ്യംവച്ച് ക്രൈസ്തവ മിഷണറിമാർ രംഗപ്രവേശം ചെയ്തത്. ആധുനിക വിദ്യാഭ്യാസരീതികൾ കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെമ്പാടും അവതരിപ്പിച്ചത് മിഷണറിമാരാണ്. ഇക്കാലഘട്ടത്തിലും തലയുയർത്തി നിൽക്കുന്ന പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പലതും അക്കാലത്ത് ആരംഭിച്ചവയാണ്.

ഇക്കാര്യങ്ങൾക്കെല്ലാം അതീതമായി നിലനിൽക്കുന്നവയാണ് മിഷണറിമാരുടെ സാമൂഹിക നവോദ്ധാരണ പ്രവർത്തനങ്ങൾ. പ്രസിദ്ധീകരണങ്ങളിലൂടെയും വിദ്യാഭ്യാസത്തിലൂടെയും അതിന് അടിത്തറയിട്ട ക്രിസ്ത്യൻ മിഷണറിമാർ സാമൂഹിക നവോത്ഥാനത്തിനായി മുന്നിട്ടിറങ്ങുകയും ചെയ്തു. വൈകുണ്ഠസ്വാമികളുടെ പേരിൽ അറിയപ്പെടുന്നെങ്കിലും സ്ത്രീകളുടെ മേൽമുണ്ട് കലാപത്തിനു പിന്നിൽ പരോക്ഷമായി മിഷണറിമാരാണെന്ന് ചരിത്രം വ്യക്തമാക്കുന്നു. അത്തരത്തിലുള്ള ഒട്ടേറെ വലിയ മാറ്റങ്ങൾക്കുള്ള ശക്തമായ പ്രചോദനമായി ക്രൈസ്തവ മിഷണറിമാരുടെ ഇടപെടലുകൾ സുവ്യക്തമാണ്.

വസൂരി പോലുള്ള മഹാമാരികൾ പതിനായിരങ്ങളെ കൊന്നൊടുക്കിയിരുന്ന ഒരു കാലത്ത് നഴ്സിംഗ് സേവനങ്ങളെ പരിചയപ്പെടുത്തിയതും ആധുനിക ചികിത്സാ സാധ്യതകൾ ഉപയോഗപ്പെടുത്തിയതും തുടങ്ങി വിപ്ലവകരമായ ഒട്ടേറെ മാറ്റങ്ങൾക്ക് വഴിയൊരുക്കിയതും ഒരു യഥാർഥ നവോത്ഥാനത്തിലേക്ക് കേരള സമൂഹത്തെ കൈപിടിച്ച് നടത്തിയതും ക്രൈസ്തവ മിഷണറിമാരാണെന്ന് അർഥശങ്കയ്ക്കിടയില്ലാതെ പറയാനാകും.

(അവസാനിച്ചു)